പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1741 | 04.12.2015-ൽ മറുപടിക്ക്

## <u>മലപ്പുറം ജില്ലയിലെ കുടിവെള്ളക്ഷാമം</u>

| ചോദ്യം | ഉത്തരം |
|---|---|
| ഡോ. കെ.ടി. ജലീൽ | ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മലപ്പുറം ജില്ലയിലെ കുറുവ പഞ്ചായത്തിലെ നെച്ചിക്കുത്ത് പറമ്പ്, കരിഞ്ചപാടി, താഴെകുളമ്പ എന്നീ പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന 5-ാം വാർഡിലെ കുടിവെള്ളക്ഷാമം പരിഹരിക്കു ന്നതിനായി ജില്ലാ പഞ്ചായത്ത്, കുറുവ പഞ്ചായത്ത് മുഖേന ഏതെങ്കിലും പദ്ധതിക്ക് അനുമതി നൽകിയിട്ടു ണ്ടോയെന്നു വ്യക്തമാക്കുമോ ;<br><br>ബി) എങ്കിൽ ഏതെല്ലാം പദ്ധതികൾക്ക് എത്ര രൂപ വീതം എന്നും ഏത് നിർമ്മാണ ഏജൻസി മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത് എന്നും വ്യക്തമാക്കുമോ ; | എ) 2013-14 വർഷത്തിൽ മലപ്പുറം ജില്ലാ പഞ്ചായത്ത് അതിന്റെ സംയുക്ത പ്രോജക്ടായി 9.5 ലക്ഷം രൂപയുടെ വറ്റല്ലൂർ താഴെക്കുളമ്പ് കുടിവെള്ള പദ്ധതിക്കു അനുമതി നല്കിയിരുന്നു. ഈ പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ തദ്ദേശ സ്വയംഭരണ വകുപ്പ് മലപ്പുറം ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറാണ്. ഗുണഭോക്തൃസമിതി മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. |
| സി) പ്രസ്തുത പ്രവർത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് വിശദമാക്കുമോ? | സി) പ്രസ്തുത പ്രവർത്തിക്കായി ഗുണഭോക്തൃസമിതി കൺവീനറുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. പദ്ധതി പ്രാരംഭ ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ